Join Now: https://join.hsslive.in Downloaded from https://www.hsslive.in ®

**SY-541**

**Reg. No. : ....................................**

**Name : .......................................**

**SECOND YEAR HIGHER SECONDARY EXAMINATION, MARCH 2024**

Part – III

**PHILOSOPHY**

Maximum : 80 Scores

Time : 2½ Hours

Cool-off time : 15 Minutes

***General Instructions to Candidates :***

- There is a 'Cool-off time' of 15 minutes in addition to the writing time.
- Use the 'Cool-off time' to get familiar with questions and to plan your answers.
- Read questions carefully before answering.
- Read the instructions carefully.
- Calculations, figures and graphs should be shown in the answer sheet itself.
- Malayalam version of the questions is also provided.

OGY Academy
Outstanding Guidance for Youth

***വിദ്യാർത്ഥികൾക്കുള്ള പൊതുനിർദ്ദേശങ്ങൾ :***

- നിർദ്ദിഷ്ട സമയത്തിന് പുറമെ 15 മിനിറ്റ് 'കൂൾ ഓഫ് ടൈം' ഉണ്ടായിരിക്കും.
- 'കൂൾ ഓഫ് ടൈം' ചോദ്യങ്ങൾ പരിചയപ്പെടാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കുക.
- ഉത്തരങ്ങൾ എഴുതുന്നതിന് മുമ്പ് ചോദ്യങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കണം.
- നിർദ്ദേശങ്ങൾ മുഴുവനും ശ്രദ്ധാപൂർവ്വം വായിക്കണം.
- കണക്ക് കൂട്ടലുകൾ, ചിത്രങ്ങൾ, ഗ്രാഫുകൾ, എന്നിവ ഉത്തരപേപ്പറിൽ തന്നെ ഉണ്ടായിരിക്കണം.
- ചോദ്യങ്ങൾ മലയാളത്തിലും നല്കിയിട്ടുണ്ട്.



For Free Carrier Counselling contact :+91 8891314091

Join Now: https://join.hsslive.in Downloaded from https://www.hsslive.in ®

**Answer any 8 questions from 1 to 9. Each carries 1 score.** **(8 × 1 = 8)**

1. ________ is a social movement that focuses on eradicating gender inequality and promoting women's rights in society.

2. Write the meaning of the term 'vid' which is the root of the word Veda.

3. ________ are valid sources of knowledge.
   (a) Prama (b) Aprama
   (c) Pramata (d) Pramana

4. The final goal of Buddhism is attaining ________.
   (a) Nirvana (b) Moksha
   (c) Kaivalya (d) None of these

5. Sir Muhammed Iqbal uses the term Ego to denote ________.

6. According to Pythagoras ________ is the basis of everything.
   (a) Water (b) Numbers
   (c) Air (d) Fire

7. "Percept without concept is blind and concept without percept is empty." Whose statement is this ?
   (a) Kant (b) Hegel
   (c) Berkeley (d) Hume

8. ________ are 'windowless centre of force'.
   (a) Modes (b) Ideas
   (c) Geist (d) Monads

9. ________ is an act of allowing a terminally ill person to have a painless death.
   (a) Homicide (b) Abortion
   (c) Euthanasia (d) Ragging

OGY Academy Outstanding Guidance for Youth



For Free Carrier Counselling contact :+91 8891314091

Join Now: https://join.hsslive.in Downloaded from https://www.hsslive.in ®

**1 മുതൽ 9 വരെയുള്ള ഏതെങ്കിലും 8 ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. 1 സ്കോർ വീതം.** **(8 × 1 = 8)**

1. ലിംഗ അസമത്വം ഇല്ലാതാക്കുന്നതിലും സമൂഹത്തിലെ സ്ത്രീകളുടെ അവകാശങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിലും ശ്രദ്ധ കേന്ദ്രീകരിക്കുന്ന ഒരു സാമൂഹിക പ്രസ്ഥാനമാണ് _________ .

2. വേദം എന്ന വാക്കിന്റെ ഉത്ഭവപദമായ 'വിദ്' എന്ന പദത്തിന്റെ അർത്ഥം എഴുതുക.

3. അറിവിന്റെ സാധുവായ ഉറവിടങ്ങളാണ് _______.
   (a) പ്രമ (b) അപ്രമ
   (c) പ്രമാതാ (d) പ്രമാണം

4. ബുദ്ധമതത്തിന്റെ അന്തിമ ലക്ഷ്യം _______ കൈവരിക്കുക എന്നതാണ്.
   (a) നിർവാണം (b) മോക്ഷം
   (c) കൈവല്യം (d) ഇതൊന്നും അല്ല

5. ________ എന്നതിനെ സൂചിപ്പിക്കാൻ സർ മുഹമ്മദ് ഇഖ്ബാൽ ഈഗോ എന്ന പദം ഉപയോഗിക്കുന്നു.

6. പൈതഗോറസിന്റെ അഭിപ്രായത്തിൽ _________ ആണ് എല്ലാത്തിന്റെയും അടിസ്ഥാനം.
   (a) വെള്ളം (b) സംഖ്യകൾ
   (c) വായു (d) അഗ്നി

OGY Academy Outstanding Guidance for Youth

7. "സങ്കൽപ്പമില്ലാത്ത ധാരണ അന്ധവും ധാരണയില്ലാത്ത ആശയം ശൂന്യവുമാണ്" ഇത് ആരുടെ പ്രസ്താവനയാണ്.
   (a) കാന്റ് (b) ഹെഗേൽ
   (c) ബെർക്കലി (d) ഹ്യൂം

8. 'ജാലകരഹിതമായ ഊർജകേന്ദ്രം' ആണ് ________.
   (a) മോഡുകൾ (b) ആശയങ്ങൾ
   (c) ഗീസ്റ്റ് (d) മൊണാഡുകൾ

9. മാരകരോഗിയായ ഒരാളെ വേദനരഹിതമായി മരണം കൈവരിക്കാൻ അനുവദിക്കുന്ന പ്രവൃത്തിയാണ് _________.
   (a) കൊലപാതകം (b) ഗർഭച്ഛിദ്രം
   (c) ദയാവധം (d) റാഗിംഗ്



For Free Carrier Counselling contact :+91 8891314091

Join Now: https://join.hsslive.in Downloaded from https://www.hsslive.in ®

**Answer any 5 questions from 10 to 15. Each carries 2 scores.** **(5 × 2 = 10)**

10. Name the four cardinal virtues according to Plato.

11. What are the two theories on Linguistic Philosophy put forward by Ludwig Wittgenstein ?

12. Mention any four skills required to master philosophy.

13. Define cyber-space and cyber-crime.

14. Why Sri Aurobindo's Yoga is known as Inner Yoga ?

15. Differentiate *Monotheism* and *Polytheism*.

**Answer any 4 questions from 16 to 20. Each carries 3 scores.** **(4 × 3 = 12)**

16. Write a brief description on the characteristics of philosophic concept.

OGY Academy
Outstanding Guidance for Youth

17. Prepare a write-up on the topic 'E-waste'.

18. List out the main features of Sarvodaya.

19. Evaluate the view of Aristotle and Plato on form and matter.

20. Examine the idea of 'Tabula Rasa' of John Locke.

**Answer any 5 questions from 21 to 26. Each carries 4 scores.** **(5 × 4 = 20)**

21. Match the following :

| A | B |
|---|---|
| 1. Rene Descartes | a. Geist |
| 2. G.W.F. Hegel | b. Das Capital |
| 3. Immanuel Kant | c. Cogito ergo sum |
| 4. Karl Max | d. Synthetic apriori |



For Free Carrier Counselling contact :+91 8891314091

Join Now: https://join.hsslive.in Downloaded from https://www.hsslive.in ®

**10 മുതൽ 15 വരെയുള്ള ഏതെങ്കിലും 5 ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. 2 സ്കോർ വീതം.** **(5 × 2 = 10)**

10. പ്ലേറ്റോയുടെ നാല് മൗലികഗുണങ്ങളുടെ പേര് നൽകുക.

11. ലുഡ്വിഗ് വിറ്റ്ജൻസ്റ്റൈൻ അവതരിപ്പിച്ച ഭാഷാ തത്ത്വചിന്തയിലെ രണ്ട് സിദ്ധാന്തങ്ങൾ ഏതെല്ലാം ?

12. തത്ത്വചിന്തയിൽ പ്രാവീണ്യം നേടുന്നതിന് ആവശ്യമായ നാല് കഴിവുകൾ സൂചിപ്പിക്കുക.

13. സൈബർ-സ്പേസ്, സൈബർ-ക്രൈം എന്നിവ നിർവ്വചിക്കുക.

14. എന്തുകൊണ്ടാണ് ശ്രീ അരബിന്ദോയുടെ യോഗയെ ആന്തരിക യോഗ എന്ന് വിളിക്കുന്നത് ?

15. ഏകദൈവ വിശ്വാസവും ബഹുദൈവ വിശ്വാസവും വേർതിരിക്കുക.

**16 മുതൽ 20 വരെയുള്ള ഏതെങ്കിലും 4 ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. 3 സ്കോർ വീതം.** **(4 × 3 = 12)**

16. തത്വചിന്തയുടെ സവിശേഷതകളെക്കുറിച്ച് ഒരു ഹ്രസ്വ വിവരണം എഴുതുക.

OGY Academy
Outstanding Guidance for Youth

17. 'ഇ-വേസ്റ്റ്' എന്ന വിഷയത്തിൽ ഒരു കുറിപ്പ് തയ്യാറാക്കുക.

18. സർവോദയയുടെ പ്രധാന സവിശേഷതകൾ പട്ടികപ്പെടുത്തുക.

19. രൂപത്തെയും ദ്രവ്യത്തെയുംകുറിച്ചുള്ള അരിസ്റ്റോട്ടിലിന്റെയും പ്ലാറ്റോയുടേയും വീക്ഷണം വിലയിരുത്തുക.

20. ജോൺ ലോക്കിന്റെ 'താബുല റാസ' എന്ന ആശയം വിശകലനം ചെയ്യുക.

**21 മുതൽ 26 വരെയുള്ള ഏതെങ്കിലും 5 ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. 4 സ്കോർ വീതം.** **(5 × 4 = 20)**

21. ചേരുംപടി ചേർക്കുക.

| A | B |
|---|---|
| 1. റെനെ ദെക്കാർത്ത് | a. ഗീസ്റ്റ് |
| 2. ജി. ഡബ്ല്യു. എഫ്. ഹെഗേൽ | b. ദാസ് ക്യാപ്പിറ്റൽ |
| 3. ഇമ്മാനുവൽ കാന്റ് | c. കൊഗിത്തൊ എർഗൊ സും |
| 4. കാറൽ മാർക്സ് | d. സിന്തെറ്റിക് അപ്രിഓരി (സംശ്ലേഷാനുഭവ പൂർവ്വ വിധികൾ) |



For Free Carrier Counselling contact :+91 8891314091

Join Now: https://join.hsslive.in Downloaded from https://www.hsslive.in ®

22. Point out the historical norms of learning philosophy.

23. Name the thinker associated with the concept of 'Universal Religion'. Write a short note on 'Universal Religion'.

24. Evaluate the Philosophical thoughts of Heraclitus and Parmenides.

25. Explain the philosophical contributions of St. Chavara Kuriakose Elias and Sree Narayana Guru.

26. Prepare an article on the 'role of an environmental philosopher in society'.

**Answer all questions from 27 and 28. Each carries 5 scores.** **(2 × 5 = 10)**

27. 'The essence of all religion is one and the same.' Prepare a brief note on the relevance of philosophy of religion based on this statement.

28. List out the qualities of *Stitapranja*.

OGY Academy
Outstanding Guidance for Youth

**Answer any 2 questions from 29 to 31. Each carries 6 scores.** **(2 × 6 = 12)**

29. Explain the general characteristics of Existentialism.

30. Prepare a chart on the evolution theory of Samkhya Darsana.

31. 'The central teaching of Upanishad is expressed in the Mahavakyas.' Prepare a list of points to be included in the seminar paper.

**Answer any 1 question from 32 and 33. Carries 8 scores.** **(1 × 8 = 8)**

32. Discuss the different theories of punishment, considering their goals and effects. How do these theories apply to our understanding of justice in society ?

(**Hints** : Definition, types of law, theories of punishment)

33. How does practicing Astanga-Yoga benefit individuals in terms of physical, mental and spiritual well-being ? Explain the key aspects of Astanga-Yoga in Yoga Philosophy, focusing on its eight limbs.



For Free Carrier Counselling contact :+91 8891314091

Join Now: https://join.hsslive.in Downloaded from https://www.hsslive.in ®

22. തത്ത്വശാസ്ത്ര പഠനത്തിന്റെ ചരിത്രപരമായ മാനദണ്ഡങ്ങൾ ചൂണ്ടിക്കാണിക്കുക.

23. 'സാർവത്രിക മതം' എന്ന ആശയവുമായി ബന്ധപ്പെട്ട ചിന്തകന്റെ പേര് കുറിക്കുക. സാർവത്രിക മതത്തെക്കുറിച്ച് ഒരു ചെറിയ കുറിപ്പ് എഴുതുക.

24. ഹെറാക്ലീറ്റസിന്റെയും പാർമെനിഡസിന്റെയും ദാർശനിക ചിന്തകൾ വിലയിരുത്തുക.

25. വിശുദ്ധ ചാവറ കുര്യാക്കോസ് ഏലിയാസ്, ശ്രീനാരായണ ഗുരു എന്നിവരുടെ ദാർശനിക സംഭാവനകൾ വിശദീകരിക്കുക.

26. 'സമൂഹത്തിൽ പരിസ്ഥിതി തത്ത്വചിന്തകന്റെ പങ്ക്' എന്ന വിഷയത്തിൽ ഒരു ലേഖനം തയ്യാറാക്കുക.

**27 മുതൽ 28 വരെയുള്ള എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക. 5 സ്കോർ വീതം.**

**(2 × 5 = 10)**

27. 'എല്ലാ മതങ്ങളുടെയും സാരാംശം ഒന്നുതന്നെയാണ്'. ഈ പ്രസ്താവനയെ അടിസ്ഥാനമാക്കി മത-തത്ത്വചിന്തയുടെ പ്രസക്തിയെക്കുറിച്ച് ഒരു ചെറിയ കുറിപ്പ് തയ്യാറാക്കുക.

28. സ്ഥിതപ്രജ്ഞന്റെ സവിശേഷതകൾ പട്ടികപ്പെടുത്തുക.

**29 മുതൽ 31 വരെയുള്ള ഏതെങ്കിലും 2 ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. 6 സ്കോർ വീതം.**

**(2 × 6 = 12)**

29. അസ്തിത്വവാദത്തിന്റെ പൊതുസവിശേഷതകൾ വിശദീകരിക്കുക.

30. സാംഖ്യ ദർശനത്തിന്റെ പരിണാമ സിദ്ധാന്തത്തെക്കുറിച്ച് ഒരു ചാർട്ട് തയ്യാറാക്കുക.

31. 'ഉപനിഷത്തിന്റെ കേന്ദ്രോപദേശം മഹാവാക്യങ്ങളിൽ പ്രകടമാണ്.' ഒരു സെമിനാർ പേപ്പറിൽ ഉൾപ്പെടുത്തേണ്ട സൂചകങ്ങളുടെ ഒരു ലിസ്റ്റ് തയ്യാറാക്കുക.

**32 മുതൽ 33 വരെയുള്ള ഏതെങ്കിലും 1 ചോദ്യത്തിന് ഉത്തരമെഴുതുക. 8 സ്കോർ.**

**(1 × 8 = 8)**

32. ശിക്ഷയുടെ വിവിധ സിദ്ധാന്തങ്ങൾ ചർച്ച ചെയ്യുക, അവയുടെ ലക്ഷ്യങ്ങളും ഫലങ്ങളും പരിഗണിച്ചുകൊണ്ട്. സമൂഹത്തിലെ നീതിയെക്കുറിച്ചുള്ള നമ്മുടെ ധാരണയ്ക്ക് ഈ സിദ്ധാന്തങ്ങൾ എങ്ങനെ ബാധകമാണ്.
(സൂചനകൾ : നിർവചനം, വിവിധതരം നിയമങ്ങൾ, ശിക്ഷാസിദ്ധാന്തങ്ങൾ)

33. ശാരീരികവും മാനസികവും ആത്മീയവുമായ ക്ഷേമത്തിന്റെ കാര്യത്തിൽ അഷ്ടാംഗ-യോഗ പരിശീലിക്കുന്നത് വ്യക്തികൾക്ക് എങ്ങനെ പ്രയോജനം ചെയ്യും ? യോഗ ദർശനത്തിലെ അഷ്ടാംഗ-യോഗയുടെ എട്ട് അംഗങ്ങളെ ആസ്പദമാക്കി അതിന്റെ പ്രധാന ആശയങ്ങൾ വിശദീകരിക്കുക.

Academy Outstanding Guidance for Youth



For Free Carrier Counselling contact :+91 8891314091

Join Now: https://join.hsslive.in Downloaded from https://www.hsslive.in ®

OGY Academy
Outstanding Guidance for Youth



For Free Carrier Counselling contact :+91 8891314091